**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1767** **29-09-2025 - ൽ മറുപടിയ്ക്ക്**

**വേങ്ങേരി കാർഷിക വിപണന കേന്ദ്രം നവീകരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് വേങ്ങേരി കാർഷിക വിപണന കേന്ദ്രം നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് വേങ്ങേരി കാർഷിക വിപണനകേന്ദ്രം നവീകരിയ്ക്കുന്നതിനു നടപടി സ്വീകരിയ്ക്കുന്നുണ്ട്. ടി വിപണന കേന്ദ്രം ശക്തിപ്പെടുത്തുന്നതിനായി ഒരു കോടി നാൽപ്പത്തിയെട്ട് ലക്ഷം രൂപയുടെ പദ്ധതി തയാറാക്കി, ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി ശീർഷകമായ 4435-01-190-99 PVയിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ അധിക ധനാനുമതിയിലൂടെ തുക അനുവദിയ്ക്കുന്നത് നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത കേന്ദ്രത്തിൽ നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | കർഷകർക്ക്, അവരുടെ കാർഷികോല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിന് ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിനായി മാർക്കറ്റിൽ തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ മാർക്കറ്റ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ലേലകമ്മിറ്റി മുഖേന ലേലം നടത്തി വരുന്നു. കർഷകർക്ക് മെച്ചപ്പെട്ട വിപണി ലഭിക്കുന്നതിനായി E-nam സംവിധാനം നടപ്പാക്കുന്നു. കാർഷികോല്പന്നങ്ങളുടെ മൊത്ത-ചില്ലറ വിപണനത്തിനായി നിബന്ധനകൾക്ക് വിധേയമായി കടമുറികൾ വാടകക്ക് നൽകുകയും ചെയ്യുന്നു. കാർഷിക വിപണിയുടെയും അനുബന്ധസ്ഥാപനങ്ങളുടെയും ദൈനംദിന പ്രവർത്തനങ്ങളുടെ മേൽനോട്ടവും, നടത്തിപ്പും ചെയ്ത് വരുന്നു. |
| (സി) | പ്രസ്തുത കാർഷിക വിപണന കേന്ദ്രത്തിന്റെ നടത്തിപ്പിന് മാനേജിംഗ് കമ്മിറ്റി നിലവിലുണ്ടോ; എങ്കിൽ അതിന്റെ ഘടന വ്യക്തമാക്കാമോ? | (സി) | വേങ്ങേരി കാർഷിക വിപണന കേന്ദ്രത്തിന്റെ നടത്തിപ്പിന് നിലവിൽ മാനേജിംഗ് കമ്മിറ്റി ഇല്ല. |

സെക്ഷൻ ഓഫീസർ